(ബി) എങ്കിൽ ഇതിനായി കേന്ദ്രത്തിൽ നിന്നും ഗ്രാന്റ് നൽകുന്നുണ്ടോ;

(സി) ഈ പദ്ധതിയനുസരിച്ച് കേന്ദ്രത്തിൽ നിന്നും സംസ്ഥാനത്തിന് എന്തെങ്കിലും തുക കിട്ടിയിട്ടുണ്ടോ;

(ഡി) ഈ തുക എന്തെല്ലാം കാര്യത്തിനാണ് വിനിയോഗിച്ചത്;

(ഇ) ഹോമിയോ ചികിത്സയിൽ യോഗ്യത നേടിയിട്ടുള്ള അലോപ്പതി ഡോക്ടർമാരെ നിയമിച്ചിട്ടുള്ള ഗവൺമെന്റ് ആശുപത്രികളിൽ എങ്കിലും ഈ പദ്ധതി പ്രാവർത്തികമാക്കുന്ന കാര്യം പരിഗണിക്കുമോ?

ആരോഗ്യ വകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ)*:

(എ)—(ഇ) അലോപ്പതി ആശുപത്രികളിൽ ഹോമിയോ, ആയുർവേദ ചികിത്സകൾ കൂടി ഏർപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിന് പദ്ധതി ഉണ്ട്. ഹോമിയോപ്പതി, ആയുർവേദ ചികിത്സാ സമ്പ്രദായങ്ങൾ നിലവിൽ ഇല്ലാത്ത പഞ്ചായത്തുകളിലാണ് ഈ പദ്ധതി നടപ്പാക്കി വരുന്നത്. ഇത്തരത്തിലുള്ള പഞ്ചായത്തുകളൊന്നും തന്നെ ഈ സംസ്ഥാനത്തിലില്ല. സംസ്ഥാനത്ത് ഗ്രാമപ്രദേശങ്ങളിൽ 737 ആയുർവേദ ഡിസ്പെൻസറികളും, 525 ഹോമിയോ ഡിസ്പെൻസറികളും, 115 ആയുർവേദ ആശുപത്രികളും, 31 ഹോമിയോ ആശുപത്രികളും നിലവിലുണ്ട്.

സ്റ്റേറ്റ് ഇൻഫർമേഷൻ ഇൻഫ്രാസ്ട്രക്ചറിന്റെ പ്രവർത്തനം

*24 [267] *ശ്രീ. കോവൂർ കുഞ്ഞുമോൻ:*

" *എ. എ. അസീസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ഇൻഫർമേഷൻ ഇൻഫ്രാസ്ട്രക്ചർ നിലവിൽ വന്നിട്ടുണ്ടോ; എങ്കിൽ എന്നു മുതൽ എന്ന് വ്യക്തമാക്കുമോ;

(ബി) ഈ സംവിധാനം മുഖേന എന്ത് പ്രവർത്തനമാണ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പൊതുജനങ്ങൾക്ക് ഈ സംവിധാനം വഴി എന്ത് നേട്ടമാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിലേക്ക് ഇതിനകം എത്ര തുക ചെലവിട്ടു എന്ന് വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)*:

(എ) സ്റ്റേറ്റ് ഇൻഫർമേഷൻ ഇൻഫ്രാസ്ട്രക്ചർ അഥവാ 'ഡയമണ്ട് പ്രോജക്ട്' നിലവിൽ വന്നിട്ടുണ്ട്. 2005 മെയ് 9-ന് സ്റ്റേറ്റ് ഇൻഫർമേഷൻ ഇൻഫ്രാസ്ട്രക്ചർ(SII) ഔപചാരികമായി മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സംവിധാനം മുഖേന തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള നെറ്റ് വർക്ക് ഓപ്പറേറ്റിംഗ് സെന്ററുകളെ (എൻ. ഒ. സി.) ബാക്ക് ബോൺ വഴി ബന്ധിപ്പിക്കുകയും അതു വഴി സംസ്ഥാനത്തെ വിവിധ സർക്കാർ ഓഫീസുകളെയും മറ്റു സ്ഥാപനങ്ങളെയും ബന്ധിപ്പിച്ച് ഇ-ഗവേണൻസ് പരിപാടി വേഗത്തിൽ നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(സി) കേന്ദ്രീകൃത വിവരങ്ങളും ആധുനിക വിവരസാങ്കേതിക വിദ്യയും ഉപയോഗപ്പെടുത്തി സർക്കാർ സംവിധാനം മികവുറ്റതും വേഗമാക്കുന്നതും വഴി പൊതു ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) സ്റ്റേറ്റ് ഇൻഫർമേഷൻ ഇൻഫ്രാസ്ട്രക്ചറിനു വേണ്ടി ഇതുവരെ 6,39,10,050 രൂപ ചെലവാക്കിയിട്ടുണ്ട്.

മിനറൽ വാട്ടറിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് സംവിധാനം

*25 [268] *ശ്രീ. തനിമാനൂർ രവി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വില്പന നടത്തുന്ന മിനറൽ വാട്ടറിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിൽ എന്തൊക്കെ സംവിധാനങ്ങളുണ്ട്;

(ബി) സർക്കാർ നിഷ്കർഷിച്ചിരിക്കുന്ന ഗുണനിലവാരത്തിലുള്ള മിനറൽ വാട്ടർ തന്നെയാണ് വിതരണം ചെയ്യുന്നതെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം നൽകാമോ?

ആരോഗ്യ വകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ):*

(എ) സംസ്ഥാന ആരോഗ്യ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന റീജ്യണൽ അനലിറ്റിക്കൽ ലബോറട്ടറികളിൽ മിനറൽ വാട്ടറും പാക്കേജ്ഡ് ഡ്രിങ്കിംഗ് വാട്ടറും പരിശോധിക്കുവാനുള്ള സംവിധാനം നിലവിലുണ്ട്.

(ബി) സംസ്ഥാനത്ത് 14 ജില്ലകളിലുള്ള 60 സർക്കിൾ ഫുഡ് ഇൻസ്പെക്ടർമാർ മായം ചേർക്കൽ നിരോധന നിയമം അനുശാസിക്കുന്നത് അനുസരിച്ച് പാക്കേജ്ഡ് ഡ്രിങ്കിംഗ് വാട്ടറിന്റെ സാമ്പിളുകൾ പരിശോധനയ്ക്കായി ശേഖരിക്കുന്നുണ്ട്. 2004-05 സാമ്പത്തിക വർഷം 236 പാക്കേജ്ഡ് ഡ്രിങ്കിംഗ് വാട്ടർ സാമ്പിളുകൾ സംസ്ഥാന ലബോറട്ടറികളിൽ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. ഇതിൽ ഒരെണ്ണം മാത്രമേ ഗുണനിലവാരമില്ലാത്തതായി കണ്ടിട്ടുള്ളൂ. പ്രസ്തുത കമ്പനിയായ ബെയ്ലി പാക്കേജ്ഡ് ഡ്രിങ്കിംഗ് വാട്ടറിന്റെ പേരിൽ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly